# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അരിമ്പൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:  KSATSR(P1)145/26

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി:  12/03/2026
ഇ-മെയിൽ:  dotsr.ksad@kerala.gov.in
ഫോൺ:  0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരിമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

## തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:

**(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-10-2024 മുതൽ 31-08-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 10-02-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 03-02-2026 | 10-02-2026 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 03-02-2026 | 10-02-2026 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ബേബി പി.വി., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
സിനിലാൽ എം.ജി., ഓഡിറ്റ് ഓഫീസർ
സജീഷ് എം.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജോയ്സൻ സി.ജെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| സ്മിത അജയകുമാർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| റെനി പോൾ | സെക്രട്ടറി | 01-04-2024 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധു എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| സ്വാതി സാബു | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ദീപക് മേനോൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2024 | 06-08-2024 |
| ഡോ. മഞ്ജുഷ വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 07-08-2024 | 31-03-2025 |
| ഡോ. ലിജ ജേക്കബ്ബ് മഞ്ഞളി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 27-07-2024 |
| ഡോ. ഹുദ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 28-07-2024 | 17-12-2024 |
| ഡോ. ഷാബു കെ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 18-12-2024 | 21-01-2025 |
| ഡോ. ജോസഫ് ഇട്ടീര | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 22-01-2025 | 31-03-2025 |
| ഡോ. മിനി വി.ജി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 31-03-2025 |
| ഡോ. രാധിക ശ്യാം | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| ഷാലി കാതറിൻ സി.ജി. | ഹെഡ്മിസ്ട്രസ്, ജി.യു.പിഎസ്., അരിമ്പൂർ | 01-04-2024 | 31-03-2025 |
| സിനി ഫ്രാൻസിസ് സി.എഫ്. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| റെസി റാഫേൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 19-10-2024 |
| ദീപ്തി എം.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 20-10-2024 | 31-03-2025 |
| ഭാഗ്യം കെ. എം. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 24-09-2024 |
| ശ്രീവിദ്യ സി. ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 25-09-2024 | 31-03-2025 |
| എമി ആനി ഐസക് | വി ഇ ഒ (എറവ് സർക്കിൾ) | 01-04-2024 | 31-03-2025 |
| ധന്യ എം.വി. | വി ഇ ഒ (മനക്കൊടി സർക്കിൾ) | 01-04-2024 | 31-03-2025 |
| വോൾഗ ജി. നായർ | വി ഇ ഒ (അരിമ്പൂർ സർക്കിൾ) | 01-04-2024 | 20-01-2025 |
| അനൂപ് പി. ഉണ്ണികൃഷ്ണൻ | വി ഇ ഒ (അരിമ്പൂർ സർക്കിൾ) | 21-01-2025 | 31-03-2025 |
| ഷനു രാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്താതെ തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി. | 1-1-1 |
| 2 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 3 | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ലോൺ തിരിച്ചടവ് തുക കൃത്യമല്ല | 1-1-2 |
| 4 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 / ബി -2 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബി -18 പ്രകാരം ബാങ്ക് അക്കൌണ്ടുകളുടെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | വാർഷിക ധനകാര്യ പത്രികയിലെ B18 പ്രകാരം കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുള്ള മുൻകൂർ നാളിതു വരെ ക്രമീകരിച്ചിട്ടില്ല | 1-1-4 |
| 6 | വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-5 |
| 7 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | നിർജീവമായി തുടരുന്ന പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്ക് അക്കൗണ്ടിലെ പണം തനതു ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ് | 1-1-8 |
| 10 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | ഫണ്ട് വിനിയോഗം | 1-3 |
| 14 | പദ്ധതി അവലോകനം | 1-4 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 16 | ക്ഷേമപെൻഷനുകൾ | 1-6 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 19 | സ്ഥാപനങ്ങൾ- വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചു വരുന്നു | 1-9 |
| 20 | പഞ്ചായത്തിന്റെ മിച്ചവരുമാനം കറന്റ് ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതിനാൽ ബാങ്ക് പലിശയിനത്തിൽ വൻതുക വർഷംതോറും വരുമാന നഷ്ടം സംഭവിക്കുന്നു | 1-10 |
| 21 | ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നതും-പരിസര മലിനീകരണം സൃഷ്ടിക്കുന്നതും-തുടർ നടപടി സ്വീകരിക്കണം | 1-11 |
| 22 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല, സർക്കാർ ഉത്തരവിന്റെ(സ.ഉ.(കൈ) 77/2023/ത.സ്വ.ഭ.വ തീയതി 22.3.2023)തുടർനടപടികൾ സ്വീകരിച്ചിട്ടില്ല | 1-12 |

| | | |
|---|---|---|
| 23 | പെയിന്റിംഗ് പ്രവൃത്തി-സിമെന്റ് പ്രൈമർ അടിച്ചതിന് അധിക തുക നൽകി. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അടവാക്കി. | 1-13 |
| 24 | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്,ഒറ്റതവണ നികുതി എന്നിവ ഈടാക്കിയിട്ടില്ല | 1-14 |
| 25 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1-15 |
| 26 | സ്റ്റീൽ ബാറുകളുടെ ഭാരം രേഖപ്പെടുത്തിയതിൽ അപാകം-അധികം നൽകിയ തുക തിരികെ ഈടാക്കണം | 1-16 |
| 27 | വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല | 1-17 |
| 28 | കമ്മ്യൂണിറ്റി ഹാൾ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് - അപാകതകൾ | 1-18 |
| 29 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-19 |
| 30 | ജലജീവൻ മിഷൻ അവലോകനം | 1-20 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സ്റ്റീൽ ബാറുകളുടെ ഭാരം രേഖപ്പെടുത്തിയതിൽ അപാകം-അധികം നൽകിയ തുക തിരികെ ഈടാക്കണം | 3-1 |
| **ഭാഗം 4** | | |
| 1 | മെഡിസെപ് പ്രീമിയം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം –1

## പൊതു അവലോകനം

### 1-1-1 ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്താതെ തുക തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തി.

| ക്രമ നമ്പർ | പ്രോജക്റ്റ് | വൗച്ചർ നമ്പർ | തുക | ഉൾപ്പെടുത്തിയ ശീർഷകം |
|---|---|---|---|---|
| 1 | 187/25 അംഗനവാടികൾക്ക് വെയിങ്ങ് മെഷീൻ വാങ്ങി നൽകൽ | 42400413/17.08.24 | 26,850 | 350109999 |

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് അരിമ്പൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 25.06.2025 ലെ 2(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി :12.03.26**

**ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-2 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ലോൺ തിരിച്ചടവ് തുക കൃത്യമല്ല

| | **വാർഷിക ധനകാര്യ പത്രിക** | **രജിസ്റ്റർ പ്രകാരം** | വ്യത്യാസം |
|---|---|---|---|
| ലോൺ അക്കൗണ്ടിൽ തിരിച്ചടക്കുന്നതിനുള്ള തുക | 30,48,740 | 29,18,191 | 1,30,549 |

**1-1-3 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 / ബി -2 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുളള ബി -18 പ്രകാരം ബാങ്ക് അക്കൌണ്ടുകളുടെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4/ബി -2 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/25 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുളള ബാങ്ക് അക്കൗണ്ടുകളുടെ 31/3/25 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

<table>
<tr><th></th><th colspan="3">ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4</th><th colspan="3">ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17</th></tr>
<tr><th>ക്രമനമ്പർ</th><th>ശീർഷകം</th><th>ഇനം</th><th>തുക</th><th>ശീർഷകം</th><th>ബാങ്ക് അക്കൌണ്ട്</th><th>തുക</th></tr>
<tr><td rowspan="3">1</td><td>320200104</td><td>Development Fund - Central Finance Commission Grant - Basic Tax Grant</td><td>16,15,282</td><td rowspan="3">450210101</td><td rowspan="3">FEDERAL (CFC-PFMS)-</td><td rowspan="3">67,96,283</td></tr>
<tr><td rowspan="2">320200113</td><td rowspan="2">Development Fund - Central Finance Commission Grant -Tied Fund</td><td>51,73,631</td></tr>
<tr><td>ആകെ : 67,88,913</td></tr>
<tr><td>2</td><td>320100196</td><td>ICDS</td><td>40,21,143</td><td>450210101</td><td>KGB PLAN(ICDS PBIG)</td><td>54,77,576</td></tr>
</table>

**1-1-4 വാർഷിക ധനകാര്യ പത്രികയിലെ B18 പ്രകാരം കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുളള മുൻകൂർ നാളിതു വരെ ക്രമീകരിച്ചിട്ടില്ല**

വാർഷിക ധനകാര്യ പത്രികയിലെ B-18 പ്രകാരം കേരള വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂറായി 1,04,80,000 രൂപ നൽകിയിട്ടുണ്ട്. തൻവർഷം 19,00,000 രൂപയാണ് കേരള വാട്ടർ അതോറിറ്റിയ്ക്ക് മുൻകൂർ നൽകിയിട്ടുള്ളത്.ബാക്കിയുള്ള തുകയായ 85,80,000 രൂപ മുൻവർഷങ്ങളിലുള്ളതാണ്(2016-17 മുതൽ).ആയത് നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

**1-1-5 വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉളളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.**

കാഷ്ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 96,61,287/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2024-245 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,30,74,747 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

**1-1-6 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല**

അക്കൗണ്ടിംഗ് നിയമങ്ങൾ അനുസരിച്ച് ആവശ്യമായ എല്ലാ സ്റ്റേറ്റ്മെന്റുകളും വാർഷിക അക്കൗണ്ടുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിൽ അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. എ) റൂൾ 62(ഇ) - അക്കൗണ്ടുകളെക്കുറിച്ചുള്ള കുറിപ്പുകൾ - സിഗ്നിഫിക്കന്റ് അക്കൗണ്ടിംഗ് പോളിസികൾ, കണ്ടിജന്റ് ലയബിലിറ്റികളെക്കുറിച്ചുള്ള സ്റ്റേറ്റ്മെന്റ്, സബ്സിഡി റിപ്പോർട്ടുകൾ മുതലായവ. ബി) റൂൾ 62 (എഫ്) - കീ അനുപാതങ്ങൾ.

**1-1-7 Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല**

"Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18, ഐ-19) പ്രകാരം Prior Period Item എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18, I-19) | 31.03.2024 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800501 – Prior Period Expenses – Operations And Maintenance Expenses | -102,000 |
| 190100101 – Prior Period Income – Property Tax | 16,182 |
| 190100102 – Prior Period Income – Other Incomes | -25,750 |
| 190200401 – Prior Period Income – Other Incomes | 3,46,434 |

**1-1-8 നിർജീവമായി തുടരുന്ന പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്ക് അക്കൗണ്ടിലെ പണം തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്**

നിർജീവമായി തുടരുന്ന പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്ക് അക്കൗണ്ടിലെ പണം (അക്കൗണ്ട് നമ്പർ 830003) തുക 59,917 രൂപ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

**1-1-9 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

**1-1-10 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല**

അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല. തൽഫലമായി, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ൽ ഉൾപ്പെടുത്തിയിരിക്കുന്ന തലക്കെട്ടുകൾക്ക് കീഴിലുള്ള ക്ലോസിംഗ് ബാലൻസുകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

**1-2 ബജറ്റ്**

| | | |
|---|---|---|
| പാസ്സാക്കിയ തിയതി | 08.02.2024 | |
| കമ്മിറ്റി തീരുമാനം | 1(1) | |
| പ്രതീക്ഷിത വരവ് , ചെലവ് എന്നിവ | വരവ് | ചെലവ് |
| | 26,89,57,304 | 24,82,89,166 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തിയതി<br>കമ്മിറ്റി തീരുമാനം<br>റിവൈസ്ഡ് ബജറ്റ് | 13.03.2025 | |
| കമ്മിറ്റി തീരുമാനം | 2(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 35,75,75,891 | 33,08,11,585 |

**1-3 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| 1. വികസന ഫണ്ട്-ജനറൽ (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 0 | 21030497 | 23895197 | 23137123 | 758074 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2. വികസന ഫണ്ട്-എസ്.സി.പി (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 0 | 8043000 | 8043000 | 7782501 | 260499 |
| 3. മെയിന്റനൻസ്, റോഡ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 0 | 18693000 | 18693000 | 15150110 | 3542890 |
| 4. മെയിന്റനൻസ്, നോൺ-റോഡ് (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 0 | 10135000 | 10135000 | 6638928 | 3496072 |
| 5. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 1953040 | 4240463 | 6193503 | 4578221 | 1615282 |
| 6. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബേസിക് പെർഫോമൻസ്) | 0 | 134112 | 134112 | 1,10,956 | 23156 |
| 7. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 2743214 | 8566500 | 11309714 | 6136083 | 5173631 |
| 8. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ് പെർഫോമൻസ്) | 0 | 1470290 | 1470290 | 1280973 | 189317 |
| 9. ഹെൽത്ത് ഗ്രാന്റ് ബിൽഡിംഗ് ലെസ്സ് സബ്സെന്ററേസ് | 2805500 | 95084 | 2900584 | 169790 | 2730794 |
| 10. ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ | 1100704 | 470962 | 11007041571666 | 839151 | 732515 |
| 11. ഹെൽത്ത് ഗ്രാന്റ് കൺവേഷൻ ഓഫ് പി.എച്ച്.സി - ഹെൽത്ത് & വെൽനസ്സ് | 436488 | 696851 | 1133339 | 430000 | 703339 |
| 12. TSC | 0 | 621843 | 621843 | 621843 | 0 |
| 13. ICDS | 2004822 | 2176703 | 4181525 | 160382 | 4021143 |
| 14. MLA Fund | 0 | 197106 | 197106 | 197106 | 0 |

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം |
|---|---|---|---|---|
| 277 | 20,01,72,651 | 241 | 8,37,56,243 | 41.84 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 17,96,307 | 17,96,307 | 17,96,307 | 0 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17277287 | 1,72,77,287 | 1,72,77,287 | 0 |
| മെറ്റിരിയൽ കോസ്റ്റ് | 0 | 37,65,813 | 37,65,813 | 37,65,813 | 0 |
| ആകെ | 0 | 2,28,39,407 | 2,28,39,407 | 2,28,39,407 | 0 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| 1. കർഷകതൊഴിലാളി പെൻഷൻ | 8384800 | 473 |
| 2. വിധവാ പെൻഷൻ | 22275200 | 1404 |
| 3. വാർദ്ധക്യകാല പെൻഷൻ | 45964000 | 3035 |
| 4. വികലാംഗപെൻഷൻ | 5742300 | 363 |
| 5. 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2786400 | 168 |
| 6.വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 30000 | 1 |

സ്ഥാപന/രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. ആയതിൽ ക്രമം 2,3 എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7.02.2026 തീയതിയിൽ 12.50 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള 38142 രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ഭാഗം 1 ൽ പരാമർശിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള അപാകങ്ങൾ പരിഹരിച്ച്, ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള സന്ദർഭോചിതമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-9 സ്ഥാപനങ്ങൾ- വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച വരുന്നു

ഗ്രാമപഞ്ചായത്തിൽ 100% ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യൂ.ആർ പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | കച്ചവട സ്ഥാപനങ്ങൾ | 1203 |
| 2 | പ്രൈവറ്റ് ഹോസ്പിറ്റൽ/ഹെൽത്ത് കെയർ സ്ഥാപനങ്ങൾ | 20 |
| 3 | ഓഡിറ്റോറിയം | 11 |
| 4 | ഓഫീസ് കെട്ടിടങ്ങൾ | 157 |
| 5 | മാർക്കറ്റ് | 0 |
| 6 | വിദ്യഭ്യാസ സ്ഥാപനങ്ങൾ | 48 |
| 7 | സലൂൺ | 27 |
| 8 | ലോഡ്ജ്/ഹോസ്റ്റൽ | 0 |
| 9 | ഹോട്ടൽ & ഫുഡ് കോർട്ട് | 31 |
| **ആകെ** | | 1497 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 സാമ്പത്തിക വർഷത്തിൽ 594 സ്ഥാപനങ്ങളിൽ(പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഉൾപ്പെടെ) നിന്ന് മാത്രമാണ് പഞ്ചായത്ത് ലൈസൻസ് ഫീസ്

ഈടാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും ഹരിതമിത്രം ആപ്ലിക്കേഷനിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കണക്കുകൾ തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു. മേൽ അപാകത്തിനും പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2024-25 സാമ്പത്തിക വർഷം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/10.02.2026) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വാർഡ് തലത്തിൽ ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ചട്ടപ്രകാരം ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിച്ച് വരുന്നതു മൂലം ലൈസൻസ് ഫീസ്,സ്ഥാപന തൊഴിൽ നികുതി,ജീവനക്കാരുടെ തൊഴിൽ നികുതി എന്നി ഇനങ്ങളിൽ ഓരോ വർഷവും ഗ്രാമപഞ്ചായത്തിന് തനതുവരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംങ്ങ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 പഞ്ചായത്തിന്റെ മിച്ചവരുമാനം കറന്റ് ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതിനാൽ ബാങ്ക് പലിശയിനത്തിൽ വൻതുക വർഷംതോറും വരുമാന നഷ്ടം സംഭവിക്കുന്നു

വാർഷികകണക്കുകളിലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരമുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്സ് പരിശോധിച്ചതിൽ പഞ്ചായത്തിന്റെ തനതുവരുമാനം സൂക്ഷിക്കുന്ന വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിന്നും 2024-25 സാമ്പത്തികവർഷം പലിശയിനത്തിൽ ലഭ്യമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | അക്കൗണ്ട് നമ്പർ | 31.03.2025 പാസ് ബുക്ക് തീയതിയിലെ തുക | ബാങ്ക് പലിശ നിരക്ക്(%) | 2024-25 സാമ്പത്തിക വർഷത്തിൽ ലഭ്യമായ പലിശ |
|---|---|---|---|---|---|
| 1 | കേരള ബാങ്ക് | 146312801000468 (Savings Bank Account) | 2,06,42,346 | 4 | 686786 |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 37247166531 (Current Account) | 1,03,60,259 | 0 | 0 |
| 3 | സൌത്ത് ഇന്ത്യൻ ബാങ്ക് | 0437073000050185 (Current Account) | 30,44,380 | 0 | 0 |

കേരള ബാങ്കിലെ സേവിങ്ങ്സ് അക്കൌണ്ടിലെ ഓരോ മാസത്തെയും നീക്കിയിരിപ്പുള്ള വലിയ തുകകൾക്ക് തുച്ഛമായ നിരക്കിലാണ്(4%) പലിശ ലഭ്യമായിട്ടുള്ളത് . ബാക്കിയുള്ള രണ്ട് ബാങ്ക് അക്കൌണ്ടുകളും കറന്റ് അക്കൌണ്ടുകളായതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ വരുമാനമൊന്നും ലഭിച്ചിട്ടില്ല . ഈ വിഷയവുമായി ബന്ധപ്പെട്ട് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 10/06.02.2026 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിന് ഏതൊരു മിച്ച ഫണ്ടും കേരള ഗവൺമെന്റ് സെക്യൂരിറ്റികളിലോ ദേശീയ സമ്പാദ്യ പദ്ധതി ഉൾപ്പെടെയുള്ള ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സെക്യൂരിറ്റികളിലോ ട്രഷറി ഡെപ്പോസിറ്റ് അക്കൗണ്ടിലോ അല്ലെങ്കിൽ ഓഡിറ്റ് തരംതിരിവിൽ 'ബി' യിൽ കുറയാത്ത സഹകരണ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാവുന്നതാണ്. പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വിവിധ പ്രത്യോകോദ്ദേശ്യ ഗ്രാന്റുകൾക്കുമുള്ള തുകകൾ ഒഴികെയുള്ള മിച്ച ഫണ്ട് സ്ഥിരനിക്ഷേപമായി സൂക്ഷിക്കാവുന്നതും അധിക പലിശ ലഭിക്കുന്നതുവഴി തനതുവരുമാനം വർദ്ധിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഭരണസമിതിയോ ,ധനകാര്യ സ്റ്റാൻ്റിങ്ങ് കമ്മിറ്റിയോ ഈ വിഷയത്തിൽ യാതൊരു നടപടികളും സ്വീകരിക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ ലഭിക്കുമായിരുന്ന ഗണ്യമായ തുക നഷ്ടമായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

ആയതിനാൽ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും വിവിധ പ്രത്യോകോദ്ദേശ്യ ഗ്രാന്റുകൾക്കുമുള്ള തുകകൾ ഒഴികെയുള്ള മിച്ച ഫണ്ട് സ്ഥിരനിക്ഷേപമായി സൂക്ഷിച്ച് അധിക പലിശ ലഭിക്കുന്നതിനും, അതുവഴി തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻ്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-11 ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നതും-പരിസര മലിനീകരണം സൃഷ്ടിക്കുന്നതും-തുടർ നടപടി സ്വീകരിക്കണം

2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 3 (1) ചട്ടത്തിന് 2024 ലെ പരിഷ്കരണപ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ടു പോകുന്നതോ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232 ആം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ അസഹ്യതയുളവാക്കുന്ന ഒരു പ്രവർത്തിയായിരിക്കുന്നതാണ്.

കന്നുകാലിഫാം – പത്ത് മൃഗങ്ങൾ

ആട് ഫാം – അൻപത് മൃഗങ്ങൾ

പന്നിഫാം – അഞ്ച് മൃഗങ്ങൾ

മുയൽ ഫാം – അൻപത് മൃഗങ്ങൾ

പൗൾട്രി ഫാം – അഞ്ഞൂറ് പക്ഷികൾ

കാട ഫാം – ആയിരം പക്ഷികൾ

ടർക്കി ഫാം– അൻപത് പക്ഷികൾ

ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തിയിട്ടില്ല.
ഗ്രാമപഞ്ചായത്തിലെ ഫയലുകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ താഴെ കാണും പ്രകാരം എണ്ണം കന്നുകാലികളെ വളർത്തുന്ന ക്ഷീര കർഷകർ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല എന്നു കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | കന്നുകാലികളുടെ എണ്ണം |
|---|---|---|
| 1 | ഷാഗി.ടി.ജെ, തട്ടിൽ ഉമ്പാവു വീട്, മനക്കൊടി | 10 |
| 2 | ബാബു കെ.ഡി. കടുക്കാട്ടിൽ വീട്, എറവ് | 10 |
| 3 | ജോബി.ടി.ജെ, തെക്കേക്കര വീട്, മനക്കൊടി | 14 |
| 4 | കെ.എം. രാജൻ, കുന്നപറമ്പിൽ വീട്,അരിമ്പൂർ | 12 |
| 5 | ബാബു കരുവത്ത് വീട്, വെളുത്തൂർ | 15 |

പഞ്ചായത്ത് പരിധിയിൽ, മേൽ ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കാതെ പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 15/09.02.2026)
മേൽ പട്ടികയിലെ ക്രമനമ്പർ 5 ലെ ക്ഷീര കർഷകന്റെ ഫാം പരിസരവാസികൾക്ക് മലിനീകരണം ഉണ്ടാക്കുന്നതായി പ്രാദേശിക പരിശോധനയിൽ കണ്ടു. 2023ലെ പൊതുജനാരോഗ്യ നിയമം, പഞ്ചായത്ത് രാജ് നിയമം വകുപ്പ് 219 (കെ) എന്നിവ പ്രകാരം തുറസ്സായി മാലിന്യങ്ങൾ ഒഴുക്കുന്നതും, പകർച്ച വ്യാധികൾ പകരുന്ന വിധത്തിൽ പരിസരം വൃത്തി ഹീനമായി സൂക്ഷിക്കുന്നതും ശിക്ഷാർഹമാണ്. ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല, സർക്കാർ ഉത്തരവിന്റെ(സ.ഉ.(കൈ) 77/2023/ത.സ്വ.ഭ.വ തീയതി 22.3.2023)തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

1). കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടുണ്ടെങ്കിൽ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 13/09.02.2026 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2). 2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ വ്യവസ്ഥകൾക്കുവിധേയമായി ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ ഘടകത്തിന്റെ തരത്തിന്റെ

കാര്യത്തിലോ കെട്ടിട ഉടമ വരുത്തിയതോ അല്ലെങ്കിൽ സ്വയം സംഭവിച്ചതോ ആയ മാറ്റങ്ങളുടെ വിവരങ്ങൾ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് പിഴ ഒഴിവാക്കി വിവരം നൽകുന്നതിന് 22.3.2023 തീയതിയിലെ സ.ഉ.(കൈ)77/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. കൂടാതെ, കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിലേയ്ക്കായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ. ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഐ.ടി.ഐ. സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യത ഉള്ളവരെ നിയോഗിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പറിന് പരമാവധി 30 രൂപ വീതം തനതുഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. ആയതിനാൽ സ.ഉ.(കൈ)77/2023/ത.സ്വ.ഭ.വ തീയതി 22.3.2023 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 13/09.02.2026 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-13 പെയിന്റിംഗ് പ്രവൃത്തി-സിമെന്റ് പ്രൈമർ അടിച്ചതിന് അധിക തുക നൽകി. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തുക അടവാക്കി.**

പ്രോജക്ട് നമ്പർ--125/25 വാർഡ് 9 ലെ അങ്കണവാടി നിർമ്മാണം.

വകയിരുത്തിയ തുക-- 15,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവഴിച്ച തുക--4,21,621

എസ്റ്റിമേറ്റ് നമ്പർ--19959/24

മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ ഇനം 20 പ്രകാരം DSOR Data 13.43.1 പ്രകാരം 329.189 മീറ്റർ വിസ്തീർണ്ണത്തിൽ സിമെന്റ് പ്രൈമർ അടിച്ചതിന് ചതുരശ്ര മീറ്ററിന് 60 രൂപ നിരക്കിൽ 23,531 രൂപ കരാർ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ സിമെന്റ് പ്രൈമർ അടിച്ച 224.086 ചതുരശ്രമീറ്റർ പ്രതലത്തിനു മുകളിൽ വീണ്ടും സിമെന്റ് പ്രൈമർ ഉൾപ്പെടെ പെയിന്റ് ചെയ്തതിന് ഡാറ്റ13.46.1 പ്രകാരം ചതുരശ്ര മീറ്ററിന് 166 രൂപ നിരക്കിൽ തുക കണക്കാക്കി 37,197 രൂപ ഐറ്റം നമ്പർ 22 പ്രകാരം നൽകിയിട്ടുണ്ട്. ഡാറ്റ13.46.1 പ്രകാരം പ്രവൃത്തി നടത്തിയ സംഗതിയിൽ 13.43.1 പ്രകാരം തുക അനുവദിക്കാവുന്നതല്ല. എന്നതിനാൽ 224.086 ചതുരശ്രമീറ്റർ പ്രവൃത്തിയ്ക്ക് 60 രൂപ നിരക്കിൽ 13,445.16 രൂപ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നമ്പർ.7/05.02.2026 പ്രകാരം നിർദ്ദേശിച്ചിരുന്നു. തുടർന്ന് കരാറുകാരനിൽ നിന്നും 13,445 രൂപ ഈടാക്കി രസീത് നമ്പർ RG080905-25006775/09.02.2026 പ്രകാരം ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ട്.

**1-14 കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്,ഒറ്റതവണ നികുതി എന്നിവ ഈടാക്കിയിട്ടില്ല**

1. 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും, 1998-ലെ ചട്ടങ്ങളും പ്രകാരം 10 ലക്ഷം രൂപയിൽ താഴെ നിർമ്മാണച്ചെലവ് വരുന്ന വാസഗൃഹങ്ങൾ ഒഴികെയുള്ള എല്ലാ നിർമ്മാണപ്രവർത്തനങ്ങളുടെയും ആകെ നിർമ്മാണച്ചെലവിന്റെ 1% വരുന്ന തുക ബിൽഡിംഗ് സെസ്സ് ആയി കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ ഒടുക്കുന്നതിനും, സെസ്സ് ബാധകമാകുന്ന കെട്ടിടങ്ങൾക്ക് അനുവദിക്കുന്ന ഒക്യുപെൻസി സർട്ടിഫിക്കറ്റിന്റെ പകർപ്പ് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ബന്ധപ്പെട്ട ലേബർ ഓഫീസർക്ക് നല്കേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.11.2019 ലെ 8/ആർ.ഡി1/2018 നമ്പർ സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് 2024 ഏപ്രിൽ മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിന് അനുമതി നൽകി 14.02.2024 ന് സ.ഉ.(കൈ) 23/2024 /LSGD നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും, (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ്സ് പിരിവു പൂർണമായും, ഒറ്റ ഘട്ടമായി, ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് തന്നെ പിരിച്ചെടുക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പുവരുത്തുന്നതിനും, സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജായി ഈടാക്കുന്നതിനും ഈ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)231/15/തസ്വഭവ തി.9.7.15 പ്രകാരം കെട്ടിടനമ്പർ അനുവദിക്കുമ്പോൾ വില്ലേജിൽ നിന്നുള്ള ഒറ്റതവണ നികുതി അടവാക്കിയ സാക്ഷ്യപത്രം കൂടി വാങ്ങി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.2024-25 സാമ്പത്തിക വർഷത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് ,വില്ലേജിൽ നിന്നുള്ള ഒറ്റതവണ നികുതി അടവാക്കിയ സാക്ഷ്യപത്രം എന്നിവയില്ലാതെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു.

| ഫയൽ നമ്പർ | കെട്ടിട നമ്പർ/ ഉപയോഗക്രമം | വിസ്തീർണ്ണം (ച.മീ.) | ഇല്ലാത്ത സാക്ഷ്യപത്രം |
|---|---|---|---|
| SC2-2916/24 Dt 20.6.24 | 16/570 D To L വാണിജ്യം | 1524.02 | ഒറ്റതവണ നികുതി, കേരള ബിൽഡിംഗ് & |

| | | | |
|---|---|---|---|
| | | | അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് |
| SC2-5428/23 Dt 12/8/24 | 15/39 വ്യവസായം | 231.59 | ഒറ്റതവണ നികുതി, കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് |
| SC2-5593/24 Dt 15.09.23 | 7/500B താമസം | 279.17 | ഒറ്റതവണ നികുതി, കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് |
| SC2-3307/9.7.24 | 11/9 A | 220.85 | ഒറ്റതവണ നികുതി,കേരള ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് |

ഒറ്റ തവണ നികുതി, സെസ് എന്നിവ ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (14/09.02.2026) മറുപടിയോ,മറ്റ് രേഖകളോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ 2024-25 സാമ്പത്തിക വർഷത്തിൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ള എല്ലാ അപേക്ഷകളിലും മേൽപ്പറഞ്ഞ സാക്ഷ്യപത്രങ്ങളുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളിൽ ശ്രദ്ധയിൽ പെട്ട പ്രധാന അപാകതകൾ താഴെ ചേർക്കുന്നു. ലൈഫ് ഭവനനിർമ്മാണപ്രോജക്ടിൽ ഒരു ഗുണഭോക്താവിന് നൽകുന്ന ആകെ ധനസഹായം 4,00,000 രൂപയാണ്.

1) പ്രോജക്റ്റ് --9/2025ലൈഫ് ഭവനം- എസ്.സി. വിഭാഗം
അടങ്കൽ - 1,10,00,000
ചെലവ് – 24,32,000
നിർവഹണഉദ്യോഗസ്ഥൻ – വി.ഇ.ഒ. (അരിമ്പൂർ സർക്കിൾ)
ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട് രണ്ട് ലക്ഷം രൂപ വീതം കൈപറ്റിയ ശ്രീമതി. രജനി ഷാജു, കോലത്തുപറമ്പിൽ വീട് പരയ്ക്കാട്, ശ്രീമതി. ജാനകി കുന്നത്തുള്ളി (വാർഡ് 14) എന്നിവർ നാളിതുവരെ വീടിന്റെ തറ നിർമ്മാണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ

2) പ്രോജക്റ്റ് --13/2025 ലൈഫ് ഭവന നിർമ്മാണം ജനറൽ
അടങ്കൽ - 2,00,00,000
ചെലവ് - 69,36,582
നിർവഹണഉദ്യോഗസ്ഥൻ – വി.ഇ.ഒ.(എറവ് സർക്കിൾ)
ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട് 40,000 രൂപ കൈപ്പറ്റിയ ശ്രീമതി ശാന്ത വേലായുധൻ, ഊട്ടു മഠത്തിൽ, വെളുത്തൂർ എന്നയാൾ നാളിതു വരെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല.
തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 8/6.02.2026)

## 1-16 സ്റ്റീൽ ബാറുകളുടെ ഭാരം രേഖപ്പെടുത്തിയതിൽ അപാകം-അധികം നൽകിയ തുക തിരികെ ഈടാക്കണം

പ്രോജക്റ്റ് നമ്പർ--278/25 കൈപ്പിള്ളി കുടുംബാരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണം
നിർവഹണ ഉദ്യോഗസ്ഥ -അസിസ്റ്റന്റ് എഞ്ചിനീയർ

വകയിരുത്തിയ തുക--27,75,000(ഹെൽത്ത് ഗ്രാന്റ്)

എസ്റ്റിമേറ്റ് നമ്പർ--83744/24

സാങ്കേതികാനുമതി നമ്പർ--29748/2024-25

ചെലവഴിച്ച തുക--1,79,689

വൗച്ചർ നമ്പർ-- 42401352/27.03.2025

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് കൈപ്പിള്ളി കുടുംബാരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മിക്കുന്നതിനായി 55,50,000 രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിർമ്മാണം ഏറ്റെടുത്ത ശ്രീ. പി.പി.ഡേവീസ് 20.01.2025 ന് കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിക്കുകയും നാളിതു വരെ അഞ്ച് പാർട്ട് ബില്ലുകൾ പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും $4^{th}$ & പാർട്ട് ബിൽ ഐറ്റം നമ്പർ 14 പ്രകാരം Data 5.226 ൽ 1222.1 Kg ഉം, Data 5.22A.6 ൽ 4320kg ഉം (അളവ് പുസ്തകത്തിലെ അവസാന രേഖപ്പെടുത്തൽ പ്രകാരം 5304.18kg ഉപയോഗിച്ചിട്ടുണ്ട്.) സ്റ്റീൽ ബാറുകൾ (Thermotreated Steel Bars Of Grade Fe-500D Or More) ഉപയോഗിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്.

പ്രവൃത്തിയുടെ ഇ-അളവ് പുസ്തകത്തിൽ വ്യത്യസ്ത വ്യാസമുള്ള സ്റ്റീൽ ബാറിന്റെ ഭാരം സ്റ്റാൻഡേർഡ് വെയ്റ്റ് ചാർട്ട് പ്രകാരം കണക്കാക്കിയാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ 18.08.2025 ലെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ GEC/SM/DBM/2025/08 നമ്പർ ടെസ്റ്റ് റിപ്പോർട്ട് പ്രകാരം വ്യത്യസ്ത വ്യാസമുള്ള സ്റ്റീൽ ബാറിന്റെ ഭാരം സ്റ്റാൻഡേർഡ് ചാർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ കുറവായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | സ്റ്റീൽ ബാറിന്റെ വ്യാസം | സ്റ്റാൻഡേർഡ് ചാർട്ട് പ്രകാരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയത്(Kg/M) | ടെസ്റ്റ് റിപ്പോർട്ട് പ്രകാരം അളവ് (Kg/M) | അധികം കണക്കാക്കിയ അളവ്(Kg) | നിരക്ക് (Quoted Rate 85.52 X18% GST=100.91/Kg) |
|---|---|---|---|---|---|
| 1 | 8mm | 0.395 | 0.385 | 75.19 | 7587.42 |
| 2 | 10mm | 0.617 | 0.589 | 126.75 | 12790.34 |
| 3 | 12mm | 0.888 | 0.865 | 25.59 | 2582.28 |
| 4 | 16mm | 1.58 | 1.559 | 67.85 | 6846.74 |
| | | | | 295.38 | 29806.78 |

മേൽ പ്രവൃത്തിയിൽ അളവ് രേഖപ്പെടുത്തിയ 5304.18 കിലോഗ്രാം കൂടാതെ 2074.688കിലോഗ്രാം കൂടി ഉപയോഗിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. നാളിതു വരെ ആകെ 7378.868kg (5304.18+ 2074.688=7378.868 Kg) സ്റ്റീൽ ബാറുകൾ ഉപയോഗിച്ചിട്ടുണ്ട്. ഓരോ വ്യാസത്തിലും ഉള്ള സ്റ്റീൽ ബാറുകൾ എത്ര കിലോഗ്രാം വീതം ഉപയോഗിച്ചിട്ടുണ്ട് എന്ന് മേൽ പട്ടികയിൽ കണക്കാക്കിയിട്ടുണ്ട്. ഇതു പ്രകാരം ആകെ 295.38 കിലോഗ്രാം സ്റ്റീലിന് 29,806.78 രൂപ വില വരുന്നതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 5/04.02.2026) ഇതുവരെയുള്ള പാർട്ട് ബില്ലുകളിലായി 6226.287 Kg സ്റ്റീലിന് മാത്രമേ തുക അനുവദിച്ചിട്ടുള്ളൂ എന്നും, പാർട്ട് ബില്ലുകൾ പ്രകാരം ഉപയോഗിച്ച സ്റ്റീലിന് ആനുപാതികമായി കരാറുകാരന് അധികം നൽകിയ തുക അടുത്ത ബില്ലിൽ ക്രമീകരിക്കുന്നതാണെന്നും ആകെ ഉപയോഗിച്ച സ്റ്റീലിന്റെ ടെസ്റ്റ് റിപ്പോർട്ട് പ്രകാരമുള്ള യഥാർത്ഥ ഭാരവും, സ്റ്റാൻഡേർഡ് സ്റ്റീൽ വെയ്റ്റ് ചാർട്ട് പ്രകാരമുള്ള ഭാരവും തമ്മിലുള്ള വ്യത്യാസം ഫൈനൽ ബില്ലിൽ ക്രമീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ബില്ലിൽ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അധികമായി കണക്കാക്കിയ 295.38 Kg സ്റ്റീലിന്റെ ജി.എസ്.ടി. ഉൾപ്പെടെയുള്ള തുക 29,806.78 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**1-17 വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല**

1)പ്രോജക്റ്റ് നമ്പർ-- 309/25 – NID Ring Road ബ്രാഞ്ച് പുതിയ പോസ്റ്റുകൾ സ്ഥാപിക്കലും ലൈൻ വലിക്കലും വാർഡ്-3
നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി
അടങ്കൽ- 1,50,000( വികസനഫണ്ട് --എസ് സി പി)
ചെലവ് -1,49,997
വൗച്ചർ നം.--42401886 /22.03.2025
ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കെ .എസ്. ഇ .ബി .യുമായി കരാറിലേർപ്പെടുകയോ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.
2) പ്രോജക്റ്റ് നമ്പർ – 279/25 ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ
നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി
അടങ്കൽ- 1,50,000 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ് -1,50,000
വൗച്ചർ നം.--42401183 /24.02.2025 – 71,946
42401324/25.03.2025 – 78,054
ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കെ. എസ്. ഇ .ബി. യുമായി കരാറിലേർപ്പെട്ടിട്ടില്ല.

അതോടൊപ്പം ആകെ ചെലവഴിച്ച 1,50,000 രൂപയിൽ 71,946 രൂപ യുടെ വിനിയോഗരേഖകൾ മാത്രമേ കെ. എസ്. ഇ. ബിയിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ളൂ.

സർക്കാർ ഉത്തരവ് (കൈ)നം. 84/2022/തസ്വഭവ തീയതി 19/04/22 ഖണ്ഡിക നമ്പർ 12.2(ഡി) (ii) പ്രകാരം കേരള ജല അതോറിറ്റി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതിക അനുമതി നൽകിയതിന് ശേഷം തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകേണ്ടതാണെന്നും എന്നാൽ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. നിക്ഷേപപ്രവൃത്തികളുടെ നടത്തിപ്പിൽ സർക്കാർ ഉത്തരവുകൾ പാലിക്കേണ്ടതാണ്.

3)പ്രോജക്റ്റ് നമ്പർ -155/25 സാമൂഹ്യമാധ്യമ ഏജൻസികളുടെ നിയമനം

നിർവഹണഉദ്യോഗസ്ഥൻ -- സെക്രട്ടറി

അടങ്കൽ – 2,00,000 (തനതുഫണ്ട്)

ചെലവ് - 52,000

വൗച്ചർ നം.-- 42401051/08.01.2025– 26,000

42401279/18.03.2025 – 26,000

സോഷ്യൽ മീഡിയ വഴിയുള്ള പ്രവർത്തനം എന്ന വിഷയത്തിൽ ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 11/07.02.2026)

## 1-18 കമ്മ്യൂണിറ്റി ഹാൾ വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത് – അപാകതകൾ

പ്രോജക്റ്റ് നമ്പർ - 152/25 കമ്മ്യൂണിറ്റി ഹാൾ വേസ്റ്റ് വാട്ടർ ട്രീറ്റ്മെൻ്റ് പ്ലാന്റ് (സ്പിൽ ഓവർ)

അടങ്കൽ -40,00,000 (5,00,000-ധനകാര്യകമ്മീഷൻ ഗ്രാന്റ് , 28,00,000- കേന്ദ്രാവിഷ്കൃതഫണ്ട്, 7,00,000 തനതുഫണ്ട് )

ചെലവ്-5,00,000 ധനകാര്യകമ്മീഷൻ ഗ്രാന്റ്

വൗച്ചർ നം.-- 42401375/28.03.2025

നിർവഹണഉദ്യോഗസ്ഥൻ – സെക്രട്ടറി

ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ, വനിത ഹോസ്റ്റൽ എന്നിവിടങ്ങളിൽ നിന്നും പ്രതിദിനം 10,000 ലിറ്റർ മലിന ജലം ഉണ്ടാകുന്ന എന്ന കണക്കാക്കി മലിനജലം സംസ്കരിക്കുന്നതിന് കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനായി സ്പാർ എൻവറോമെന്റൽ ടെക്നോളജിസ് പ്രൈവറ്റ് ലിമിറ്റഡ്, പൂങ്കുന്നം, തൃശ്ശൂർ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി 4/2023 ൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. 15,00,000 രൂപയിൽ താഴെയുള്ള ചെലവിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും അറുപത്തി രണ്ട് ലക്ഷം രൂപയുടെ ചെലവ് വരുന്ന ഡി.പി.ആർ. ആണ് സ്പാർ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ഡി.പി.ആർ തയ്യാറാക്കുന്നതിന് ടെണ്ടർ ക്ഷണിച്ച് സ്പാറുമായി കരാറിലേർപ്പെട്ടത് പ്രകാരം BRN -T-G080905-2500046 തിയ്യതി-02.07.2025 പ്രകാരം 1,35,709 രൂപ സ്പാറിനു നൽകിയിട്ടുണ്ട്.

വർദ്ധിച്ച രീതിയിലുള്ള അടങ്കലും, മെയിന്റനൻസ് കോസ്റ്റും മൂലം സ്പാർ സമർപ്പിച്ചതു പ്രകാരമുള്ള ഡി.പി.ആർ നടപ്പാക്കാൻ കഴിയാത്ത സാഹചര്യത്തിൽ മലിനജലം ശുദ്ധീകരിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ നിശ്ചയിച്ച ജലനിധിയുമായി (KRWSA) 2024-25 ൽ ഗ്രാമപഞ്ചായത്ത് 8/2024-25 തിയ്യതി-14.3.2025 നമ്പറായി കരാറിൽ ഏർപ്പെടുകയും അഞ്ച് ലക്ഷം രൂപ KRWSA ക്ക് കൈമാറുകയും ചെയ്തു. എന്നാൽ നാളിതുവരെ ആയിട്ടും ഈ പ്രവൃത്തി ആരംഭിച്ചതായി കാണുന്നില്ല.

പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.12/09.02.2026)

## 1-19 ഹെൽത്ത് ഗ്രാന്റ് അവലോകനം

ആരോഗ്യ മേഖല ഗ്രാന്റ്- ഉദ്ദേശ്യലക്ഷ്യങ്ങൾ

ഭരണഘടനയുടെ പതിനൊന്നാം ഷെഡ്യൂൾ പ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പെടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16.07.2021 ലെ OM No. 15(2) FC-XV /FCD/20-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ

കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തനമാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ

മേൽ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ആരോഗ്യ മേഖല ഗ്രാന്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 09.12.2021 ലെ സ.ഉ.(പി) നം. 169/2021/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം തദ്ദേശ വകുപ്പിന്റെ ഓരോ സ്കീമിനുമുള്ള പ്രത്യേക ബാങ്ക് അക്കൗണ്ടുകളിലേക്ക് ധനകാര്യവകുപ്പിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും തുക ട്രാൻസ്ഫർ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളിൽ ഓരോ സ്കീമിന്റേയും ഫണ്ടുകളുടെ വരവും ചെലവും പ്രത്യേകം നിരീക്ഷിക്കേണ്ടതും പ്രവർത്തനങ്ങൾ യഥാസമയം നിർവ്വഹിക്കപ്പെടേണ്ടതുമാണ്.

<u>അരിമ്പൂർ ഗ്രാമപഞ്ചായത്ത് – ആരോഗ്യമേഖലയും ഗ്രാന്റ് വിനിയോഗവും</u>

അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും 1 ആരോഗ്യ ഉപകേന്ദ്രങ്ങളും ഉണ്ട്. 2011 ലെ സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 35995 ഉം 20 വാർഡുകളിലായി 9565 വീടുകളും ഉണ്ട്. പാലിയേറ്റിവ് പരിചരണ രംഗത്തും, ആരോഗ്യമേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷത്തെ പദ്ധതി പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും, ശുചിത്വ പരിപാലന/ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ രോഗപ്രതിരോധം ഉറപ്പുവരുത്തി പകർച്ച വ്യാധികളെ നിയന്ത്രിക്കുന്നതിനും, ആരോഗ്യ പരിശോധനയിലൂടെ പ്രാഥമിക ഘട്ടത്തിൽ തന്നെ രോഗനിർണ്ണയം നടത്തി ചികിത്സ തേടുന്നതിനും, ജീവിത ശൈലീ രോഗങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും, ദീർഘകാല രോഗികൾക്ക് സാമൂഹ്യ മാനസിക പിന്തുണ നൽകിയും, പാലിയേറ്റീവ് പരിചരണത്തിലൂടെ കഷ്ടതയനുഭവിക്കുന്ന രോഗികൾക്ക് ആശ്വാസം പകരുന്നതിനും ആരോഗ്യമേഖലയിൽ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് സ.ഉ.(സാധാ)നം.2132/22/ത.സ്വ.ഭ.വ തീയതി 31-08-2022, സ.ഉ.(സാധാ)നം. 1625/23/ത.സ്വ.ഭ.വ. തീയതി 09.08.2023 എന്നീ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യമേഖലാ ഗ്രാന്റ് ഉപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മുതൽ നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**<u>ഹെൽത്ത് ഗ്രാന്റ് വരവ് തുക</u>**

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|
| 1 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ സ്കീം 3 | 0 | 0 | 10,45,000 | 4,37,000 |
| 2 | റൂറൽ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ (Ii) പി.എച്ച്.സി. സ്കീം 4-ഹെൽത്ത് വെൽനസ്സ് | 0 | | 4,30,000 | 6,85,000 |
| 3 | ബിൽഡിങ്ങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | 0 | 55,50,000 | 0 | 0 |

**<u>ഹെൽത്ത് ഗ്രാന്റ് ചെലവഴിച്ച തുക</u>**

| ക്രമ. നം. | സ്കീം | 2021-22 (₹) | 2022-23 (₹) | 2023-24 (₹) | 2024-25 (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ സ്കീം 3 | 0 | 0 | 0 | 8,43,204 |
| 2 | റൂറൽ ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ<br>(ii) പി.എച്ച്.സി. സ്കീം 4-ഹെൽത്ത് വെൽനസ്സ് | 0 | 0 | 0 | 4,30,000 |

| **ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ** | |
|---|---|
| CANARA BANK-( 110042791770) | 2,730,794 |
| CANARA BANK-( 110042792013) | 7,03,339 |
| CANARA BANK-( 110042787234) | 7,32,515 |

**3.** ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

ആതുര സേവന മേഖലയിൽ പഞ്ചായത്ത് പരിധിയിലെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി ഇക്കാര്യത്തിൽ സമയബന്ധിതമായി തുടർ നടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്ഥിരം സമിതിയുടേയും, ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ജലജീവൻ മിഷൻ അവലോകനം

21.12.2019-ലെ ജലജീവൻ മിഷന്റെ കേന്ദ്ര മാർഗ്ഗരേഖ, ജലവിഭവ വകുപ്പിന്റെ 08.06.2020-ലെ സ.ഉ.(കൈ)നം. 37/2020 ഉത്തരവ് എന്നിവ പ്രകാരം 100% ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ജല ജീവൻ മിഷൻ പദ്ധതി നടത്തിപ്പിന്റെ ചുമതല ഗ്രാമപഞ്ചായത്തുകൾക്കാണ്. വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്ത് തലത്തിൽ വില്ലേജ് ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ വാട്ടർ & സാനിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്ത് തല കർമ്മപദ്ധതിയിൽ (Village Action Plan) ഉൾപ്പെട്ട പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് ജില്ലാ ജല ശുചിത്വ മിഷൻ, ഗ്രാമപഞ്ചായത്ത്, പദ്ധതി നിർവ്വഹണ ഏജൻസിയായ KWA എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുന്നതിനും മാർഗ്ഗരേഖ ഖണ്ഡിക 3.6.(5), (6) പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ഫേസ് 1 ൽ ജലജീവൻ പദ്ധതിയുടെ ഭാഗമായി പീച്ചി ഡാമിൽ നിന്നുള്ള വെള്ളം ഒളരിയിലെ ഭൂജല ടാങ്കിൽ സംഭരിച്ച് വെളുത്തുരിലെ മൂന്ന് ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കിലെത്തിച്ച് വിതരണലൈനുകൾ വഴി 500 കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിന് 2.5 കോടി രൂപയുടെ DER (Detailed Engineering Report) പ്രകാരമുള്ള പ്രവൃത്തികളും, ഫേസ് 3 ൽ 4,650 ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് ഗ്രാമപഞ്ചായത്തിലെ വാർഡ് 4 ലെ മുള്ളംകുഴി പ്രദേശത്ത് 10 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഓവർഹെഡ് വാട്ടർ ടാങ്ക്, പമ്പിംഗ് & ഡിസ്ട്രിബ്യൂഷൻ ലൈനുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തല പദ്ധതി കർമ്മരേഖ, 38 കോടി രൂപയുടെ വാട്ടർ അതോറിറ്റി സമർപ്പിച്ച DER എന്നിവ പ്രകാരമുള്ള ജലജീവൻ മിഷൻ പ്രവൃത്തികളും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്നതിന് 20.07.2020ലെ ഭരണ സമിതി 1 (1) നമ്പറായി അംഗീകാരം നൽകിയിട്ടുണ്ട്. മുള്ളംകുഴി പ്രദേശത്ത് 10 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഓവർഹെഡ് വാട്ടർ ടാങ്കിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

എന്നാൽ ഈ പദ്ധതികൾ നടപ്പാക്കുമ്പോൾ 5.7 കോടി രൂപ പഞ്ചായത്ത് വിഹിതമായും, 3.8 കോടി രൂപ ഗുണഭോക്തൃവിഹിതമായും അടവാക്കേണ്ടതായി വരും. പദ്ധതിയ്ക്കാവശ്യമായ ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കുന്നതിനുള്ള ഫണ്ട് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ സർക്കാരിൽ നിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതം അടവാക്കുന്നതിനും, ഗുണഭോക്തൃവിഹിതം ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ അടവാക്കുന്നതിനും 13.10.2021 ലെ ഭരണസമിതി 9(1) നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. (എസ്റ്റിമേറ്റ് തുക പിന്നീട് 42 കോടിയായി വർദ്ധിപ്പിച്ച് പുതുക്കിയ ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്.)

കേരള റൂറൽ വാട്ടർ സപ്ളൈ ഏന്റ് സാനിറ്റേഷൻ ഏജൻസി ഡയറക്ടറുടെ 12.05.2021 ലെ KRWSA-PMU/68/2020-TAഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ സഹായ ഏജൻസിയായി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഏജൻസി, തിരുവനന്തപുരത്തെ (ISA) നിശ്ചയിച്ചിട്ടുണ്ട്. 20.10.2021 ന് 5/2021-22നമ്പറായി കരാറിലേർപ്പെട്ടിട്ടുണ്ട്. കരാർപ്രകാരമുള്ള പ്രവർത്തനങ്ങൾ നിർവ്വഹണ സഹായ ഏജൻസി നടപ്പാക്കിയതിന്റെ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

ഫേസ് 3 യിലെ റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികൾ വാട്ടർ അതോറിറ്റി നേരിട്ട് നടത്തുന്നതിനാൽ ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ റിസ്റ്റോറേഷൻ ചാർജ്ജ് 10.02.2023-ലെ No.CEPWD/2675/2021-C4(W)RD സർക്കുലർ പ്രകാരമുള്ള നിരക്കിൽ കണക്കാക്കി തുക അടവാക്കുന്നതിന് ആവശ്യപ്പെട്ടിട്ടില്ല എന്നും, ഫേസ് 1 ൽ നടപ്പാക്കിയ പദ്ധതികളുടെ റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികൾ വാട്ടർ അതോറിറ്റി പൂർത്തീകരിച്ചിട്ടില്ല എന്നതിനാൽ പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് റിസ്റ്റോറേഷൻ

പ്രവൃത്തികൾ നടപ്പാക്കുന്നതിനും, തുക വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതുമാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. റോഡുകളുടെ വിവരം, റിസ്റ്റോറേഷൻ പ്രവൃത്തികളുടെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ജല ജീവൻ മിഷൻ (Jal Jeevan Mission) ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ നൽകുന്ന കണക്ഷനുകളുടെ ഭാഗമായി വിവിധ റോഡുകളിൽ 117 സ്ഥലങ്ങളിലായി 29,249 മീറ്റർ നീളത്തിൽ പൈപ്പിടുന്നതിനുള്ള ലിസ്റ്റ് KWA നൽകിയത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. RoW SUGAMA പോർട്ടൽ വഴി അപേക്ഷ സമർപ്പിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. റിസ്റ്റോറേഷൻ പ്രവൃത്തി ഉൾപ്പെടെ പ്രവൃത്തി പൂർത്തീകരിക്കുന്ന കാലയളവ് സംബന്ധിച്ച വിവരങ്ങൾ, ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ എന്നിവ ഹാജരാക്കിയിട്ടില്ല. പദ്ധതിയുടെ ഭാഗമായി നൽകിയ ഗാർഹിക കണക്ഷനുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല. ജലജീവൻ മിഷൻ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല, പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം മോണിറ്ററിംഗ് നടത്തിയിട്ടില്ല. വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മാർഗ്ഗരേഖ പ്രകാരം വകയിരുത്തേണ്ട തദ്ദേശ സ്ഥാപന വിഹിതമായ 15% തുക വാർഷിക പദ്ധതിയിലുൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടില്ല. 10% തുക ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കുകയോ കൈമാറുകയോ ചെയ്തിട്ടില്ല. തദ്ദേശ സ്ഥാപന വിഹിതവും, ഗുണഭോക്തൃവിഹിതവും കണ്ടെത്താൻ കഴിയാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് എം.എൽ.എ മാരുടെ നിയോജക മണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും തുക വകയിരുത്തി നൽകുന്നതിന് 10.08.2020 ലെ സ.ഉ.(സാ) നം.4584/2020/ധന. ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അരിമ്പൂർ ഗ്രാമപഞ്ചായത്തിനു വേണ്ടി തുക നൽകിയിട്ടില്ല.

ജലജീവൻ മിഷൻ കേരള- മിഷൻ ഡയറക്ടർ, മാനേജിംഗ് ഡയറക്ടർ KWA എന്നിവർ സംയുക്തമായി പ്രിൻസിപ്പൽ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റിന് 20.02.2025ന് അയച്ച KWA/-JB/1200/2025-F1(A)KWA കത്ത് പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ വിഹിതമായ 15% തുക 6,707.22കോടി രൂപ ലഭിക്കാനുള്ളതിൽ നാളിതു വരെ 24.68 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളുവെന്നും പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ വിഹിതം അടിയന്തിരമായി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ഈ പട്ടികയിൽ അരിമ്പൂർ ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 44.5 കോടി രൂപയുടെ പ്രവൃത്തി നടത്തുന്നതിനുള്ള എസ്റ്റിമേറ്റാണ് വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുള്ളത്. മേൽ കത്ത് പ്രകാരം അരിമ്പൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 387.62 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചതായും തദ്ദേശ സ്ഥാപന വിഹിതമായി 58.14 ലക്ഷം രൂപ നൽകാനുള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. ജലജീവൻമിഷൻ-KWA എന്നിവർക്ക് തദ്ദേശസ്ഥാപന വിഹിതമായി നൽകാനുള്ള തുക നൽകിയിട്ടില്ല. വാട്ടർ അതോറിറ്റി സമർപ്പിച്ച എസ്റ്റിമേറ്റിന് ആനുപാതികമായി തദ്ദേശ സ്ഥാപന വിഹിതം ഗ്രാമപഞ്ചായത്തിന് കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ എം.എൽ.എ.യുടെ പ്രാദേശിക ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി തുക നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 2/03.02.2026) മറുപടി നൽകിയിട്ടില്ല.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്റ്റീൽ ബാറുകളുടെ ഭാരം രേഖപ്പെടുത്തിയതിൽ അപാകം-അധികം നൽകിയ തുക തിരികെ ഈടാക്കണം

പ്രോജക്ട് നമ്പർ--278/25 കൈപ്പിള്ളി കുടുംബാരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മാണം

നിർവഹണ ഉദ്യോഗസ്ഥ -അസിസ്റ്റന്റ് എഞ്ചിനീയർ

വകയിരുത്തിയ തുക--27,75,000(ഹെൽത്ത് ഗ്രാന്റ്)

എസ്റ്റിമേറ്റ് നമ്പർ--83744/24

സാങ്കേതികാനുമതി നമ്പർ--29748/2024-25

ചെലവഴിച്ച തുക--1,79,689

വൗച്ചർ നമ്പർ-- 42401352/27.03.2025

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് കൈപ്പിള്ളി കുടുംബാരോഗ്യ ഉപകേന്ദ്രം കെട്ടിട നിർമ്മിക്കുന്നതിനായി 55,50,000 രൂപയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നിർമ്മാണം ഏറ്റെടുത്ത ശ്രീ. പി.പി.ഡേവീസ് 20.01.2025 ന് കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിക്കുകയും നാളിതു വരെ അഞ്ച് പാർട്ട് ബില്ലുകൾ പ്രകാരം തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും 4th & പാർട്ട് ബിൽ ഐറ്റം നമ്പർ 14 പ്രകാരം Data 5.226 ൽ 1222.1 Kg ഉം, Data 5.22A.6 ൽ 4320kg ഉം (അളവ് പുസ്തകത്തിലെ അവസാന രേഖപ്പെടുത്തൽ പ്രകാരം 5304.18kg ഉപയോഗിച്ചിട്ടുണ്ട്.) സ്റ്റീൽ ബാറുകൾ (Thermotreated Steel Bars Of Grade Fe-500D Or More) ഉപയോഗിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്.

പ്രവൃത്തിയുടെ ഇ-അളവ് പുസ്തകത്തിൽ വ്യത്യസ്ത വ്യാസമുള്ള സ്റ്റീൽ ബാറിന്റെ ഭാരം സ്റ്റാൻഡേർഡ് വെയ്റ്റ് ചാർട്ട് പ്രകാരം കണക്കാക്കിയാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ 18.08.2025 ലെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ GEC/SM/DBM/2025/08 നമ്പർ ടെസ്റ്റ് റിപ്പോർട്ട് പ്രകാരം വ്യത്യസ്ത വ്യാസമുള്ള സ്റ്റീൽ ബാറിന്റെ ഭാരം സ്റ്റാൻഡേർഡ് ചാർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ കുറവായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റീൽ ബാറിന്റെ വ്യാസം | സ്റ്റാൻഡേർഡ് ചാർട്ട് പ്രകാരം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയത്(Kg/M) | ടെസ്റ്റ് റിപ്പോർട്ട് പ്രകാരം അളവ് (Kg/M) | അധികം കണക്കാക്കിയ അളവ്(Kg) | നിരക്ക് (Quoted Rate 85.52 X18% GST=100.91/Kg) |
|---|---|---|---|---|---|
| 1 | 8mm | 0.395 | 0.385 | 75.19 | 7587.42 |
| 2 | 10mm | 0.617 | 0.589 | 126.75 | 12790.34 |
| 3 | 12mm | 0.888 | 0.865 | 25.59 | 2582.28 |
| 4 | 16mm | 1.58 | 1.559 | 67.85 | 6846.74 |
| | | | | 295.38 | 29806.78 |

മേൽ പ്രവൃത്തിയിൽ അളവ് രേഖപ്പെടുത്തിയ 5304.18 കിലോഗ്രാം കൂടാതെ 2074.688കിലോഗ്രാം കൂടി ഉപയോഗിച്ചതായി അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. നാളിതു വരെ ആകെ 7378.868kg (5304.18+ 2074.688=7378.868 Kg) സ്റ്റീൽ ബാറുകൾ ഉപയോഗിച്ചിട്ടുണ്ട്. ഓരോ വ്യാസത്തിലും ഉള്ള സ്റ്റീൽ ബാറുകൾ എത്ര കിലോഗ്രാം വീതം ഉപയോഗിച്ചിട്ടുണ്ട് എന്ന് മേൽ പട്ടികയിൽ കണക്കാക്കിയിട്ടുണ്ട്. ഇതു പ്രകാരം ആകെ 295.38 കിലോഗ്രാം സ്റ്റീലിന് 29,806.78 രൂപ വില വരുന്നതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നമ്പർ 5/04.02.2026) ഇതുവരെയുള്ള പാർട്ട് ബില്ലുകളിലായി 6226.287 Kg സ്റ്റീലിന് മാത്രമേ തുക അനുവദിച്ചിട്ടുള്ളൂ എന്നും, പാർട്ട് ബില്ലുകൾ പ്രകാരം ഉപയോഗിച്ച സ്റ്റീലിന് ആനുപാതികമായി കരാറുകാരന് അധികം നൽകിയ തുക അടുത്ത ബില്ലിൽ ക്രമീകരിക്കുന്നതാണെന്നും ആകെ ഉപയോഗിച്ച സ്റ്റീലിന്റെ ടെസ്റ്റ് റിപ്പോർട്ട് പ്രകാരമുള്ള യഥാർത്ഥ ഭാരവും, സ്റ്റാൻഡേർഡ് സ്റ്റീൽ വെയ്റ്റ് ചാർട്ട് പ്രകാരമുള്ള ഭാരവും തമ്മിലുള്ള വ്യത്യാസം ഫൈനൽ ബില്ലിൽ ക്രമീകരിക്കുന്നതാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. അധികം നൽകിയ തുക ബില്ലിൽ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അധികമായി കണക്കാക്കിയ 295.38 Kg സ്റ്റീലിന്റെ ജി.എസ്.ടി. ഉൾപ്പെടെയുള്ള തുക 29,806.78 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം

1. മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 15 | 89000 | 89000 | 0 | 15 ജീവനക്കാർ * 9 മാസം*500 = 67500<br>13 ജീവനക്കാർ*1 മാസം *500=6500 |

| | | | | |
|---|---|---|---|---|
| | | | | 14ജീവനക്കാർ*2മാസം*500=14000<br>സ്ഥലം മാറി പോയ 2<br>ജീവനക്കാർ*1 മാസം* 500=1000<br>ആകെ=89000 |

*01-04-2024 മുതൽ 31-03-2025 നള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

2. മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നള്ളിൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| | | | | | |
| 1 | 5/2024 | 5000 | 5000 | 0 | |

3. മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| ഇല്ല. | | | | |

4. മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| | | ഇല്ല | ഇല്ല | ഇല്ല | |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| KSEB | ലൈൻ ദീർഘിപ്പിക്കൽ പ്രോജക്റ്റ് നമ്പർ 12/2025 | 42402019 Dt 31.03.2025 2,80,000 42402066 Dt 31.03.2025 2,90,000 | 5,70,000 | | 5,70,000 |
| GROUND WATER | മലിനജല സംസ്കരണം പ്രോജക്റ്റ് നമ്പർ.15/2025 | 42402067 Dt 31.03.2025 | 5,00,000 | | 5,00,000 |
| KWA | പ്രോജക്റ്റ് നമ്പർ.181/2025 പഞ്ചായത്ത് ഓഫീസിനും, കമ്മ്യൂണിറ്റി ഹാളിനും കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ | 42402084 Dt 31.03.25 | 19,00,000 | | 19,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 24-25 ന് ലഭിച്ച തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| KURDFC വായ്പ ലൈഫ് ഭവനം | 83,32,710 | 17,76,991 | - | | 16,70,506 | | 1,06,485 |
| ലൈഫ് ഭവനം ഹഡ്കോ വായ്പ | | | 28,11,706+ 1,30,549 | | | | 2,942,255 |

**കുറിപ്പ്.**

വാർഷിക ധനകാര്യപത്രിക പ്രകാരം തിരിച്ചടവാക്കുന്നതിനുള്ള വായ്പതുക 30,48,740 രൂപയാണ്. എന്നാൽ രജിസ്റ്റർ പ്രകാരം തിരിച്ചടവാക്കാൻ ബാക്കിയുള്ള വായ്പ തുക 29,18,191 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. യഥാർത്ഥത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള വായ്പ തുകയിൽ 1,30,549 രൂപ അധികമായാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (വാർഷിക ധനകാര്യ പത്രികയിലെ അപാകത -ഖണ്ഡിക 1-1-2 കാണുക)

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം / തിയതി |
|---|---|---|---|---|
| 2021-22 | 3.2 | 1,00,000 | Volga G Nair -Village Extension Officer ( Nalini Ponali - Beneficiary) | 1240502470 Dated 17.12.2024 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 17 | 2003-04 | 3.8.11 | മറ്റു പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ-അനുവദിക്കാത്ത പ്രവൃത്തിയ്ക്ക് പ്ലാൻ ഫണ്ട് ഉപയോഗിച്ചു. | പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തു |
| | പ്രവർത്തന അവലോകനം | 2012-13 | 3.1.5 (4) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം -മാലിന്യശേഖരണ സംവിധാനത്തിലെ പോരായ്മകൾ | പരാമർശം നിലനിൽക്കുന്നു. |
| | പ്രവർത്തന അവലോകനം | 2012-13 | 3.1.5(1) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം -ഖരമാലിന്യങ്ങളുടെ അളവ് സംബന്ധിച്ച് തദ്ദേശസ്ഥാപനങ്ങൾ കൃത്യമായ പഠനം നടത്തുന്നില്ല. | പരാമർശം നിലനിൽക്കുന്നു. |
| | പ്രവർത്തന അവലോകനം | 2012-13 | 3.1.4 അനുബന്ധം2 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം | പരാമർശം നിലനിൽക്കുന്നു. |
| | പ്രവർത്തന അവലോകനം | 2013-14 | 5.1, അനുബന്ധം -7 | പ്രത്യേക പരാമർശം കൂടാതെ സമിതി പരിഗണിച്ചു | പ്രത്യേക പരാമർശം കൂടാതെ സമിതി പരിഗണിച്ചു |
| | പ്രവർത്തന അവലോകനം | 2013-14 | 5.1.5(4) | പൊതു കിണറുകൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ നവീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും, സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ഉൾക്കൊള്ളുന്ന റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു | പരാമർശം നിലനിൽക്കുന്നു. |
| | പ്രവർത്തന അവലോകനം | 2013-14 | 5.1.5(7) | ജലസ്രോതസുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും - മണ്ണ് ജലസംരക്ഷണ പ്രവർത്തികൾക്കായി | പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തു |

| | | | | | |
|---|---|---|---|---|---|
| | | | | തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നീക്കിവെയ്ക്കുന്ന തുകകൾ പരിമിതം | |
| | പ്രവർത്തന അവലോകനം | 2013-14 | 5.1.5(11) | ജലസ്രോതസുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും -തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടിവെള്ള വിതരണവും. | പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്തു |
| | പ്രവർത്തന അവലോകനം | 2013-14 | 5.1.5 (13) | ജലസ്രോതസുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും - കുടിവെള്ള പദ്ധതികളുടെ നിർവഹണം ഗുണഭോക്തൃസമിതിക്ക് കൈമാറിയില്ല- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധിക ബാധ്യത | പരാമർശം നിലനിൽക്കുന്നു. |
| 2014-15 | 2-5, 2-6 | 2016-17 | അദ്ധ്യായം 2, അനുബന്ധം 4 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു. |
| 2019-20 | 1-35 | 2020-21 | അദ്ധ്യായം 1.2, അനുബന്ധം 2.1.83 | മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായിട്ടുള്ള പദ്ധതികളിലെ ഓഡിറ്റ് കണ്ടെത്തലുകൾ - നിർബന്ധിത പദ്ധതിയായിട്ടും പെയിൻ & പാലിയേറ്റീവ് കെയർ പദ്ധതിയുടെ നിർവ്വഹണം സർക്കാർ നിർദ്ദേശിച്ച വിധം ലക്ഷ്യം കൈവരിക്കുന്നതിലെ കുറവും, ഉപകരണങ്ങളും, മരുന്ന് ലഭ്യമാക്കുന്നതിൽ കാലതാമസവും. | പരാമർശം നിലനിൽക്കുന്നു. |

## <u>4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം</u>

ഇല്ല

## <u>4-10 ഓഡിറ്റ് പ്രത്യവലോകനം</u>

### <u>(എ) സംക്ഷിപ്ത വിവരം</u>

| | |
|---|---|
| മുന്നിരിപ്പ് | 4,38,79,019 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,89,67,463 |
| ആകെ | 11,28,46,482 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,93,06,176 |
| നീക്കിയിരിപ്പ് | 5,35,40,306 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29,806 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

*ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വാർഷിക കണക്കിന്റെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇതിലെ വരവിലും ചെലവിലും സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ ഉൾപ്പെടുന്നില്ല.

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 (1-16) | 29,806 | സിന്ധു.എം. അസിസ്റ്റന്റ് എഞ്ചിനീയർ |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സിന്ധു.എം. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അരിമ്പൂർ ഗ്രാമപഞ്ചായത്ത് | തറയിൽ വീട്, ചെമ്പൂത്ര( പി.ഒ), പട്ടിക്കാട്- 678324 Aelsgdampr@Gmail.Com |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE/CH/SCH) |
|---|---|---|---|---|---|
| 1 | 2000-01, 2001-02 ജനകീയാസൂത്രണം | LFT 12-1724/03 Dtd.08.02.04/ 19.05.2000 | 2 | 4 | SCH |
| | | | | 7എ | SCH |
| | | | | 7ബി | SCH |
| 2 | 2002-03 | LFT 12-862/08 Dtd.23.07.09/ 29.09.09 | 1 | 3-16 | |
| 3 | 2003-04 | LFT 12-588/10 Dtd.04.05.11/ 13.10.11 | 2 | 3-2 ബി, 3-5 | |
| 4 | 2004-05 | LFT 12-589/10 Dtd.06.05.11/ 13.10.11 | 7 | 3-2, 3-3ബി, 3-5എ,ബി, 3-8, 3-9, 3-10, 3-13 | |
| 5 | 2005-06 | LFT 12-541/10 Dtd.28.09.11/ 18.10.11 | 7 | 3-2(5,6,7), 3-3, 3-5, 3-6, 3-10, 3-11, 3-12 | |
| 6 | 2006-07 | LFT 12-542/10 Dtd.28.9.11/4.11.11 | 7 | 3-1, 3-2, 3-3, 3-5, 3-8, 3-9, 3-10 | |

| | | | | | |
|---|---|---|---|---|---|
| 7 | 2007-08 | LFT P6-858/11<br>Dtd.21.11.11/ 18.05.12 | 7 | 2-5എ, 2-5ബി, 3-1, 3-2, 3-5, 3-7, 3-9, 3-10 | |
| 8 | 2008-09 & 2009-10 & 2010-11 | LFT P2-2020/12<br>Dtd.08.03.13/ 14.06.13 | 5 | 3-3, 3-6, 3-7,<br>3-8, 3-14 | |
| 9 | 2011-12 | LFT P2-1097/2013<br>Dtd.08.11.13 | 2 | 3-4, 3-8 I A,B,C | |
| 10 | 2012-13 | LFT P2-560/14<br>Dtd.10.11.14/ 12.01.15 | 4 | 3-2, 3-5(1),<br>3-7(2), 3-7(3), 3-12 | |
| 11 | 2013-14 | KSA-TSR-P2-491/15<br>Dtd.30.03.16/ 20.04.16 | 6 | 2-2(എ), 3-5, 3-6, 3-11, 3-13, 3-17(1), 3-17(3) | |
| 12 | 2014-15 | KSA-TSR-P2-918/16<br>Dtd.12.06.16 | 3 | 2-2, 2-5, 2-6 | 2-5 CAR<br>2-6 CAR |
| 13 | 2015-16 | KSA-TSR-P2-2202/16<br>Dtd.16.01.17/ 31.01.17 | 1 | 3-8 | |
| 14 | 2016-17 | KSA-TSR-P2-1308/17<br>Dtd.31.08.17 | 1 | 3-6 | |
| 15 | 2017-18 | KSA-TSR-P2-712/2019<br>Dtd.06.06.19 | 13 | 2-1, 2-4, 2-5, 2-6, 3-1, 3-2, 3-4, 3-5, 3-6,<br>3-8(4), 3-9, 3-10, 3-12 | |
| 16 | 2018-19 | KSA-TSR-P2-173/2020<br>Dtd.11.08.20 | 26 | 1-10,1-13,1-14,1-15,1-16,<br>1-17,1-18,1-19,1-20,1-21,<br>1-22, 1-23, 1-24,1-25, 1-26, 1-27, 1-28,1-29, 1-30, 1-31, 1-32, 1-33, 1-34, 3-1, 3-2, 3-3 | |
| 17 | 2019-20 | KSA.TSR<br>( P1)516/2021<br>Dtd.31.03.21 | 16 | 1-24, 1-25,<br>1-25(1), 1-26,<br>1-27,1-31,<br>1-34, 1-35,<br>1-36, 1-37,<br>1-38,1-39, 1-40,<br>1-41, 1-43,1-44 | |
| 18 | 2020-21 | KSA-TSR-P1-1150/2022<br>Dtd.27.07.22 | 35 | 1-10,1-11,1-12,1-13,<br>1-14,1-15,1-16,1-17,<br>1-18,1-19,1-20,1-21,1-22,<br>1-23,1-24,1-25,1-26,1-27, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-28,1-29,1-30,1-31,1-32,<br>1-33,1-34,1-35,1-36,1-37,<br>1-38,1-39,1-40,1-41,1-42,<br>1-43,1-44 | |
| 19 | 2021-22 | KSA-TSR-P1-282/2023<br>Dtd.01.04.2023 | 31 | 1-1, 1-2,1-3,1-4,1-5,1-6,1-7,1-8,<br>1-9,1-10,1-11,1-12,1-13,1-14,1-15,<br>1-16,1-18,1-19,1-20,1-21,<br>1-22,1-23,1-24,1-25,<br>1-27,1-28,1-29,<br>1-30,1-31,3-1,3-3 | |
| 20 | 2022-23 | KSA-TSR-P1-1468/2023<br>Dtd.22.02.2024 | 21 | 1-1-4, 1-1-12, 1-1-16, 1-1-22,<br>1-9,1-11,1-13,1-14,1-15,1-17,<br>1-18,1-19,1-20,1-21,1-22,<br>1-23,1-24,1-25,1-26,<br>1-29,1-30 | |
| 21 | 2023-24 | കെ.എസ്.എ.ടി.എസ്.ആർ.(പി1)1536/2024 തി: 18/12/2024 | 12 | 1-10,1-11,1-12,1-16,1-17,<br>1-18,1-19,1-20,1-22,<br>1-23,1-25,3-1 | |
| | **ആകെ** | | **209** | | |

**ഡെപ്യൂട്ടി ഡയറക്ടർ**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 2/1 dated 25-06-2025 and submitted on 30-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Arimbur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Arimbur Grama Panchayat as on 31-03-2025

**Date: 12/03/2026** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Arimbur Grama Panchayat for the Year 2024-2025.

### 1.Major Observations

**1. The amount was included in the wrong title without including the asset in the title.**

| NO | Project | Voucher No | Amount | Head |
|---|---|---|---|---|
| 1 | 187/25 Purchase of Weighing Machine for Aganavadies | 42400413/17.08.24 | 26,850 | 350109999 |

**2.The loan repayment amount as per the annual financial statement is not accurate.**

| | AFS | As per Register | Difference |
|---|---|---|---|
| Amount to be repaid to the loan account | 3048740 | 2918191 | 130549 |

## 2.Other Observations

A.Comments relating to Balance Sheet

1. Grant amount shown as liability in Balance sheet does not match with bank account opened for the specific grant account. Details are given below:

| Head | Closing Balance as per Schedule B-4 of Balance Sheet | Bank Account | Closing Balance as per Schedule B-17 of Balance Sheet |
|---|---|---|---|
| 320200104-Development Fund- Central Finance Commission Grant- Basic Tax | 16,15,282 | 450210101-KGB - PFMS-CFC-( 40277101057023) | 6796283 |
| 320200113-Development Fund- Central Finance Commission Grant- Tied Fund | 5173631 | | |
| Total | 67,88,913 | | |
| 320100196-ICDS | 4021143 | 450210101-KGB PLAN (ICDS PBIG)-( 40277100102711) | 5477576 |

2. As per B18 of the Annual Financial Statement, an advance of Rs. 10480000 has been paid to the Kerala Water Authority.
In the current year, an advance of Rs. 1900000 has been paid to the Kerala Water Authority. The remaining amount of Rs. 8580000 is from previous years(2016-17). This has not been adjusted till date.

**B) Comments relating to Cashflow Statement**

As per the cash flow statement the net increase in cash and cash equivalents recorded for the year 2024-25 period is 9661287/-
In the same statement the net cash generated by Operating+Investing+Financing Activity for the 2024-25 period is 13074747/-
According to accepted accounting standards, the above two amounts should tally, however the two amounts in the statement submitted by the panchayath do not match.

**C) Comments relating to Ratios &Notes to accounts**

All the statements required as per accounting rules have not been included in the annual accounts. The Annual Financial Statement does not include the Key ratios and Notes.

a) Rule 62(E) - Notes on accounts - such as Significant accounting policies, Statement on contingent liabilities, subsidy reports, etc.

b) Rule 62(F) - Key ratios.

**D) Comments relating to Bank Reconciliation Statement**

The amount of Rs. 59,917 in the dormant Post Office Savings Bank Account (Account No. 830003) should be added to the Special Fund.

**E) Comments relating to Journal Vouchers**

Authenticated Journal Vouchers are not maintained for supporting the journal entries in the Schedule Prior Period items.

| Head (I-18, I-19) | Amount |
|---|---|
| 290800501 Prior period Expenses<br>Operations and Maintenance Expenses | -102,000 |
| 190100101 Prior period income<br>Property Tax | 16,182 |
| 190100102 Prior period income<br>Other Incomes | -25750 |
| 190200401 Prior period income<br>Other Incomes | 346,434 |

**F) Comments relating to Demand, Collection and Balance Register**

Nil

**G) Comments relating to Asset Register**

The Asset value shown in Balance sheet is not traceable to Asset Register due to unsupported model of existing asset register.

**H) Comments relating to Inventory and other registers**

1.The Advance Register is not being maintained. Consequently, the accuracy of the closing balances under the heads included in

**Balance Sheet Schedule B-18** could not be verified.

**DEPUTY DIRECTOR**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Arimbur Grama Panchayat
## BALANCE SHEET

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 30676868.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 89666063.00 |
| | **Total Reserve & Surplus** | | **120342931.35** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 18010473.00 |
| | **Total Grants, Contributions for Specific Purposes** | | **18010473.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 3048740.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **3048740.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1674642.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 5510485.65 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **7185127.65** |
| | **TOTAL LIABILITIES** | | **148587272.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 197676.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 4689235.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 17474411.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 116307079.00 |
| 416000000 | Accumulated Depreciation | B-11(a) | -69103759.00 |
| | **Total Fixed Assets** | | **69564642.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |



Digitally signed by RENY
Date: 2025.06.30 16:40:3
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 12093024.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 53540306.00 |
| 460000000 | Loans, Advances and Deposits | B-18 | 13389300.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **79022630.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **148587272.00** |

## Arimbur Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 7656900.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 695241.00 |
| 140000000 | Fee & User Charges | I-4 | 4149485.00 |
| 150000000 | Sale & Hire Charges | I-5 | 673801.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 198928938.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 687928.00 |
| 180000000 | Other Income | I-9 | 67005.00 |
| 190000000 | Prior Period Income | I-19 | 236866.00 |
| | **Total Income** | | **212859298.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 13645705.00 |
| 220000000 | Administrative Expenses | I-11 | 1371321.00 |
| 230000000 | Operations & Maintenance | I-12 | 5243211.00 |
| 240000000 | Interest & Finance Charges | I-13 | 2926.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 12000957.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 40847958.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 17883026.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 17277287.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 85115200.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1993413.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by RENY
Date: 2025.06.30 16:40:4
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 8839289.00 |
| | **Total Expenditure** | | **204220293.00** |
| | **Gross Surplus / Deficit of income over Expenditure** | | **8639005.00** |
| | **Gross Surplus / Deficit of income over Expenditure** | | **8834231.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 432092.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-195226.00** |

# Arimbur Grama Panchayat
## RECEIPT & PAYMENT STATEMENT

For the period from 01-April-2024 to 31-March-2025

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 43799118.00 |
| Cash | Cash | RP-40(a) | 79901.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 933380.00 |
| 130000000 | Rental income from Panchayat Properties | RP-3 | 282900.00 |
| 140000000 | Fees & User Charges | RP-4 | 3875459.00 |
| 150000000 | Sale & Hire Charges | RP-5 | 599617.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 22474070.00 |
| 171000000 | Interest Earned | RP-9 | 687928.00 |
| 190000000 | Prior Period Income | RP-11 | 348399.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 20470461.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 14739941.00 |
| 460000000 | Loans, Advances and Deposits | RP-49 | 93385.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 65005.00 |
| 330000000 | Secured Loans | RP-31 | 2632255.00 |
| 340000000 | Deposits Received | RP-33 | 224240.00 |
| 350000000 | Other Liabilities | RP-35 | 1540423.00 |
| | **Grand total** | | **112846482.00** |
| | **PAYMENTS** | | |
| | **Operating** | | |
| 220000000 | Administrative Expenses | RP-13 | 55271.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 30880.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 9180.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 11918678.00 |
| 460000000 | Loans, Advances and Deposits | RP-49 | 650256.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 72015.00 |
| 350000000 | Other Liabilities | RP-35 | 46569896.00 |
| | **Closing Balance** | | |



Digitally signed by RENY
Date: 2025.06.30 16:40:4
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 53518844.00 |
| Cash | Cash | RP-40(b) | 21462.00 |
| | **Grand Total** | | **112846482.00** |



DEPUTY DIRECTOR